# ബി എം ജി എച്ച് എസ്
# കുളത്തൂപ്പുഴ






# ജാലകം

2023-24

# ബി എം ജി എച്ച് എസ്, കുളത്തുപ്പുഴ



1962-ൽ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ആണ് ഈ വിദ്യാലയം ആരംഭിച്ചത്. തിരുവനന്തപുരം മേജർ അതിരൂപതയുടെ ഉടമസ്ഥതയിലുള്ള ഒരു എയ്ഡഡ് സ്കൂളാണിത്. മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയാണ് സ്കൂളിന്റെ ഇപ്പോഴത്തെ രക്ഷാധികാരിയും മാനേജരും.

# മാർഗ്ഗദർശി



ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്

# ലോക്കൽ മാനേജർ



റവ. ഫാ. മാത്യു ചരിവുകാലായിൽ

# ഹെഡ് മാസ്റ്റർ



## ശ്രീ. ഷാജുമോൻ. കെ

പ്രിയരെ,

ബി. എം. ജി. എച്ച്. എസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെല്ലുകയാണല്ലോ! വിരൽത്തുമ്പിൽ വിജ്ഞാനത്തിന്റെ വിസ്ഫോടനം സാധ്യമാക്കിയ സാങ്കേതിക വിദ്യയുടെ മറ്റൊരു മാന്ത്രിക ലോകം സൃഷ്ടിക്കുകയാണ് ഈ കുട്ടിക്കൂട്ടം! സർഗ്ഗാത്മകതയുടെ ഈ നവചൈതന്യം വായനക്കാർക്ക് നവോന്മേഷം പകരട്ടെയെന്ന് ആശംസിക്കുന്നു!

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദങ്ങളും!

# ഉള്ളടക്കം

Shadow.......................................................................7

The Magical Lion..........................................................8
അമ്മ...............................................................................9
3D Printing....................................................................11
The New Colossus......................................................12
കൊമ്പനാന.....................................................................13
ലഹരി കുരുക്കിൽ കൗമാരവും യുവത്വവും..............................14
എൻ കളിക്കൂട്ടുകാരി...........................................................15
കല്ലട...............................................................................16
മഴ ഭീതി..........................................................................17
സാഗര..............................................................................18
രണ്ട് മൺകുടങ്ങൾ................................................................19
സഹോദരശ്രുതി...................................................................20
പ്രകൃതി............................................................................22
Rose.............................................................................23



# SHADOW

You are born before me,
But you are not me;
You become me and mine,
While I came to this Green Planet.


You walk before me at morn,
You walk in me at noon;
You walk after me at eve,
You are always with me.

You will say bye to me,
When there is no light;
When I say bye from this Green Planet,
That’s why I call you a Shadow.

Febin D Regin
Std : IX-D

# The Magical Lion

Once upon a time, there were many birds and animals lived in a forest. The Lion was the king the Forest and The Rabbit was the Minister of the Forest. The Lion who was the king of the Forest had a Magical Power. The Magical Power of the Lion was to transform anyone to anything. But the Lion doesn't like being called the Magical Lion King. He transformed those who called him from before the Lion in Frogs and Insects by his Magical Power. But the Lion was a Poor Man. Days passed. The Lion continued this. The number of Birds and Animals in the Forest has decreased. This has become a big problem in the Forest. Birds and animals went to meet the Rabbit and they told their problem. After listening to their problems the Rabbit Thought for a while and gave them a good idea. The Rabbit's idea was to tell the King that the Birds and Animals of the Forest were playing a Game and that the King should also participate in it. The Rabbit sent the Parrot to inform the King about this. The Parrot tells this to the King and Say that The Rabbit is playing this Game. But there was another thing that was not told to the King. It was whoever wins the game, they will be the next King.



Day Passed and the day of the game arrived. Everyone is ready to play. But only the Rabbit knew on thing that was Lion can only use his Magical Power if he is the King. It is the reason that Rabbit come up with this idea. The game has started. Whoever gets the most votes they win the game. One day one they voted for their favourite. The game ended and the Rabbit got more votes. The Birds and Animals of the forest also made the Rabbit King. And the Parrot becomes Minister. The Lion King Lost his Magical Powers and realized his mistake. So, the problems in that Forest ended and the Birds and Animals lived happily.

Veena. M
Std : IX-D

# അമ്മ



ഗർഭപാത്രത്തിൽ ഉടലെടുത്ത നാൾ മുതൽ
നമ്മെ പേറിയ സ്നേഹമാണ് "അമ്മ"
അമ്മ എന്ന വാക്കിന് ഒരായിരം അർത്ഥം.
അമ്മയ്ക്ക് തുല്യം അമ്മ മാത്രം.
സ്നേഹത്തിൽ നിറകുടമാണ് അമ്മ.
വാത്സല്യ നിധി ആണ് അമ്മ.
ജനനം മുതൽ നമ്മെ താരാട്ട് പാടി
പാലൂട്ടി വളർത്തിയ നിധിയാണ് അമ്മ.
ലോകത്തിൽ വെച്ച്
എത്ര വലിച്ചെടുത്താലും
കിട്ടാത്ത ഒരു ദൈവമാണ് അമ്മ.
സ്വന്തം മക്കൾക്ക് വേണ്ടി ജീവിച്ച്,
സ്വയം ജീവിക്കാൻ മറന്നവർ

ആദിത്യൻ
Std: VIII-F

# 3D പ്രിന്റിങ്


ലോകത്തിന്റെ ഭാവിയെ വലിയ തോതിൽ സ്വാധീനിക്കാൻ പോകുന്ന നൂതന സാങ്കേതിക വിദ്യയാണ് 3D പ്രിന്റിങ്. ചോക്ലേറ്റ് മുതൽ വിമാനത്തിന്റെ ഭാഗങ്ങൾ വരെ ചിലവ് കുറച്ച് പ്രകൃതിസൗഹൃദപരമായ രീതിയിൽ എളുപ്പം നിർമ്മിച്ചെടുക്കാൻ ഈ സാങ്കേതികവിദ്യ സഹായിക്കും.

അമേരിക്കക്കാരനായ Chuck Hull ആണ് 3D പ്രിന്റിങ്ങിന്റെ പിതാവായി അറിയപ്പെടുന്നത്. അദ്ദേഹം കണ്ടുപ്പിടിച്ച Stereolithography എന്ന സാങ്കേതിക വിദ്യയാണ് ഇന്ന കാണുന്ന 3D പ്രിന്റിങ്ങിന് തുടക്കമിട്ടത്. ഡിജിറ്റൽ ഡാറ്റാഫയൽ ഉപയോഗിച്ച് ഉണ്ടാക്കേണ്ട വസ്തുവിന്റെ ത്രിമാനരൂപങ്ങൾ സൃഷ്ടിച്ച് പ്രന്ററിലൂടെ ത്രിമാനരൂപത്തിൽ പ്രിന്റ്ചെയ്തെടുക്കുന്നരീതിയാണിത്.

3D പ്രിന്റിങ്ങിലെ പുതിയ സാങ്കേതികവിദ്യകൾ നിർമ്മാണ-ഉൽപ്പാദന മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഉല്പാതനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, ചെലവ് ഫലപ്രദമായി നിയന്ത്രിക്കുക, പ്രവർത്തനങ്ങൾ കൂടുതൽ കൃത്യതയുള്ളതാക്കുക, തൊഴിലാളികളുടെ എണ്ണം കുറയ്ക്കുക, സമയലാഭം തുടങ്ങിയവയൊക്കെ ഇതിൽ ചിലതാണ്. നമ്മുടെ വീടുകളിൽ ആവശ്യമായ സാധനങ്ങളും ഉപകരണങ്ങളും വീടുകളിൽ തന്നെ ഉണ്ടാകുന്ന സ്ഥിതിയാണ് വരാൻ പോകുന്നത്. ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങി, ഇന്റർനെറ്റിൽ ലഭ്യമായ ആപ്പുകളോ പ്രോഗ്രാമുകളോ വീട്ടിൽ തന്നെ ഉണ്ടാക്കുന്ന സ്ഥിതിയൊന്ന് ആലോചിച്ച് നോക്കൂ. ഭാവിയിൽ വളരെയേറെ തോഴിൽ സാധ്യതകളുള്ള ഒരു മേഖല കൂടിയാണ് 3D പ്രിന്റിങ്.

വൈഷ്ണവ്. എം
Std : IX - B

## The New Colossus



Not like the brazen giant of Greek fame,

With conquering links astride from land to land;

Here at our Sea-washed, Sunset Gates shall stand.

A mighty woman with a torch, whose flame

Is the imprisoned Lighting, and her name

Mother of Exiles. From her beacon-hand

Glows world -wide welcome; her mind eyes command

The air-bridged Harbor that twin cities frame.

“Keep, ancient lands, your storied pomp!” cries she

With silent lips. “Give me your tired, your poor,

Your huddled masses yearning to breath free,

The wretched refuse of your teeming store.
Send these, the homeless, tempest – lost to me,
I lift my lamp beside the golden door!”

Noufiya .N
Std: VIII-C

# കൊമ്പനാന

ഒരിക്കൽ ഒരു കാട്ടിൽ ഒരു ആനയുണ്ടായിരുന്നു. അതിന് രണ്ട് കുട്ടികളുണ്ടായിരുന്നു. ആ രണ്ടുകുട്ടികൾക്കും തന്റെ അമ്മയായ ആനയെ വളരെ ഇഷ്ടമായിരുന്നു. അവർ ആ കാട് മുഴുവനും ചുറ്റുമായിരുന്നു. അങ്ങനെയായിരിക്കെ ഒരിക്കൽ ആ കാട്ടിൽ വലിയയൊരു തീപിടുത്തമുണ്ടായി. ആ തീപ്പിടുത്തത്തിൽ ആ കുട്ടികൾക്ക് തന്റെ അമ്മയെ നഷ്ടമായി. കാട്ടുതീ പിടിച്ച് ഓടുന്നതിനിടയിൽ ആനക്കുട്ടിയുടെ സഹോദരനെയും നഷ്ടമായി. വിഷമം താങ്ങാനാവാതെ ആ ആനക്കുട്ടി ഓടിയൊടി
തനിക്കറിയാത്ത മറ്റേതോ ഒരു കാട്ടിൽ എത്തിപ്പെട്ടു.
അവിടെ ചെന്നപ്പോൾ ഒരുപ്പാട് മൃഗങ്ങൾ അവ
ആക്രമിക്കാൻ വന്നു. അതിനിടയിൽ അപ്രതീക്ഷമായി അവനൊരു ആനയെ കണ്ടു
ആദ്യം ഒന്നു ഭയന്നെങ്കിലും, കുറച്ചു കഴിഞ്ഞ
ആ ആന വളരെ വാത്സല്യത്തോടെ അവനെ വിളിച്ചു. പതിയെ അവൻ അതിനടുത്തേക്ക് പോയി. ആ വലിയ ആന തന്റെ സ്വന്തം കുഞ്ഞിനെ പോലെ വളർത്തി. ശെരിക്കും പറഞ്ഞാൽ തന്റെ കുഞ്ഞിനെയ്ക്കാളെറെ അവനെ സ്നേഹിച്ചു. തന്റെ സ്വന്തം അമ്മയുടെ സ്നേഹവും വാത്സല്യവും കിട്ടുന്നത് പോലെ അവന് തോന്നി. അവൻ വളരെയധികം സന്തോഷിച്ചു അങ്ങനെ കുറെ നാളുകൾ കഴിഞ്ഞു. അവന്റെ ഇപ്പോഴത്തെ അച്ഛൻ ഉൾക്കാട്ടിൽ നിന്നും തിരിച്ചെത്തിയതിൽ അപ്പോഴത്തെ അമ്മയും സഹോദരന്മാരും സന്തോഷിച്ചു. എന്നാൽ ആ അച്ഛന് തന്റെ സ്വന്തം മകനല്ലാത്ത കുട്ടിയാനയെ സ്നേഹിക്കുന്നത് ഒട്ടും ഇഷ്ടമല്ലായിരുന്നു. അവനെ എപ്പോഴും ഉപദ്രവിക്കും. അങ്ങനെ ഒരു ദിവസം എല്ലാവരും കൂടി ഭക്ഷണത്തിനുവേണ്ടി പോകുന്നതിനിടയിൽ പാവം കുട്ടിയാനയെ വലിയ ഒരു കുഴിയിൽ തള്ളിയിട്ടു. അവൻ അലറിക്കരഞ്ഞു. അമ്മ രക്ഷിക്കാൻ ഒരുപാട് ശ്രമിച്ചിട്ടും നടന്നില്ല. അമ്മ തന്റെ കൂട്ടുകാരെയെല്ലാം കൂട്ടി വന്നു. ഒടുവിൽ അവനെ രക്ഷപ്പെടുത്തി സ്വന്തം മകനെ പോലെ സ്നേഹിക്കുന്ന തന്റെ കുഞ്ഞിനെ കൊല്ലാൻ ശ്രമിച്ചു. ആ ആനയെ അവൾ ഉപേക്ഷിച്ചു. അങ്ങനെ അവർ സന്തോഷത്തോടെ വീണ്ടും ഒരുപാട് കാലം ജീവിച്ചു.



മിസ്സ സ്വാലിക.എൻ
Std: VIII-A




## ലഹരിക്കുരുക്കിൽ കൗമാരവും യുവത്വവും


അന്താരാഷ്ട്ര മയക്കുമരുന്ന് ഉപയോഗത്തിനും അനധികൃത ലഹരി കടത്തിനും എതിരായ ദിനമായി ജൂൺ 26ആചരിക്കുന്നത്. ചൈനയിലെ ഗുഹാങ്ങ്ഡോങ്ങ് കറുപ്പ് വ്യാപാരം തകർത്തതിന്റെ സ്മരണ ദിനമായി ഐക്യരാഷ്ട്ര സഭ ഈ ദിനം ആചരിക്കുന്നു. "മികച്ച കരുതലിന് മികച്ച അറിവ്" എന്നതാണ് ഈ വർഷത്തെ വിഷയം. സ്കൂൾ കുട്ടികൾ മുതൽ മുതിർന്നവർ വരെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഇരകളായി മാറ്റപ്പെടുന്നതിന്റെ പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും അതിനനുസരിച്ചുള്ള ത്രീവ്രമായ പ്രവർത്തനങ്ങളും നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ലഹരി വിരുദ്ധദിനം ആചരിക്കുന്നത്.

ലഹരി അടിമത്ത്വത്തിലെക്കുള്ള യുവതലമുറയുടെ പ്രയാണം മഹാദുരന്തത്തിലേക്കാണ് എന്ന ആശങ്ക സമൂഹത്തിനുണ്ട്. 12-നും 17-നും ഇടയിൽ പ്രായമുള്ള കൗമാരക്കാരിൽ പലരും ഇന്ന് ലഹരി ഉപയോഗസ്വാധീനത്തിലാണ്. ചെറുപ്രായത്തിൽ മാനസിക സമ്മർദത്തിൽ പെടുന്ന കുട്ടികൾക്കു സ്വന്തം പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനു വിവേകപൂർണമായ കരുത്ത് ഇല്ലാത്തതിനാൽ അവരെ സ്വാധീനിക്കാനും അടിമകളൊക്കെയാക്കാനും ലഹരി മാഫിയയ്ക്ക് എളുപ്പം കഴിയുന്നു. കൂട്ടുകാരുടെ സ്വാധീനം, ലഹരിപരീക്ഷണം, കുട്ടികൾ എന്തൊക്കെ ചെയ്യുന്നു എന്നതിനെപ്പറ്റി മാതാപിതാക്കളുടെ അറിവില്ലായ്മ, അതിനെ ചൂഷണം ചെയ്യുന്ന കുട്ടികൾ, സോഷ്യൽ മീഡിയയുടെ സ്വധീനം, നൂതന അറിവുകൾ, കുട്ടികളെ നിയന്ത്രിക്കാൻ സാധിക്കാത്ത ജീവിതരീതികളും സാഹചര്യങ്ങളും, എന്റെ കുട്ടി തെറ്റു ചെയ്യില്ലയെന്ന മാതാപിതാക്കളുടെ അമിത വിശ്വാസം, ഏതു സ്ഥലത്തും ലഹരി വസ്തുക്കളുടെ ലഭ്യത, ലഹരി മാഫിയയുടെ തന്ത്രപരമായ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ലഹരിക്ക് അടിമപ്പെടുന്നതിന്റെ പ്രധാന കാരണങ്ങളാണ്. ഇതിൽ അടിമപ്പെടുന്നവരുടെ പഠനവും ഭാവിയും ഇരുളിലാക്കുകയും പലരും ഭാവിയിൽ കുറ്റവാളികളായിത്തീരുകയും ചെയ്യുന്നു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ലഹരി ഉപയോഗിക്കുന്നതിന്റെ രണ്ടാം സ്ഥാനം കേരളത്തിലുണ്ട്. ഈ രംഗത്ത് ഓരോ വർഷവും ലഹരി ഉപയോഗിക കേസുകളുടെ എണ്ണം ഇരട്ടിയിലധികമായി വർധിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ പെരുകി വരുന്നതിന്റെ മുഖ്യകാരണം ലഹരിയാണ്.

അലൻ ജോയ്
Std: IX-B

# എൻ കളിക്കൂട്ടുകാരി



എൻ കളിക്കൂട്ടുകാരി
നീയെൻ കണ്ണനീർത്തുള്ളിയിൽ അലിഞ്ഞിരുന്നു
അവളെൻ നെഞ്ചിനുള്ളിലെ
വിങ്ങലുകൾ കേട്ടിരുന്നു
അരികെ വന്നെന്നെയൊന്നാശ്വസിപ്പിച്ചവൾ
അവളുടെ കളിച്ചിരിയിൽ
ഞാനതാ പൊട്ടിച്ചിരിച്ചു പോയ്
ഓർമ്മകൾ എത്ര മേൽ ഉണ്ടേലും
നീ തന്ന മുത്തതിൽ ഏറെയല്ലോ
എൻ കളിക്കൂട്ടുകാരീ.....
നീയെന്നരികില്ലെങ്കിലും കാണുന്നു
നിന്നെയെൻ മനസ്സിന്റെ കണ്ണാടിയിൽ

അൽഫിദ. ഹക്കീം
Std: VIII-A

# കല്ലട



കല്ലിനടകൊണ്ട് പല്ലക്ക് തീർത്തു
കല്ലട റാണി എഴുന്നള്ളുന്നു
താലവട്ടങ്ങളും വെഞ്ചാമരങ്ങളും
ആശീർവാദങ്ങളും അകമ്പടി കൂട്ടവും
ഉദയം വരുന്നേരം എഴുന്നള്ളി എത്തുന്നു
ഉച്ചിയിൽ സൂര്യൻനിന്നു ജ്വലിക്കുന്നു
നിദ്രയ്ക്കൊരു വട്ടം നേരമില്ല
ഒട്ടുനേരത്തെ വിശ്രമമില്ല

പാലൊളി ചന്ദ്രനുദിച്ചങ്ങു നിൽക്കുമ്പോ
പാവം വാരിധി ഇങ്ങെഴുന്നള്ളുന്നു
ചാരത്തു വന്നെത്തും നീർച്ചോല
പാടെ സ്വരൂപ്പിച്ചാദിക ഗാത്രമൊഴുകുന്നു
കാലമിവൾക്ക് മികവ് നൽകി
കാലവർഷത്തിൽ കലിത്തുള്ളിയും
വേനലിൽ ചാരുത ശാലീന ഭാവന
ആശീർവാദങ്ങളിലർപ്പിക്കുന്ന
അർക്ക ചന്ദ്രാദിതാരകങ്ങൾ

കല്ലടയാറൊഴുകുന്നു ചിരിച്ചും കളിച്ചും
കാനന ഭൂവിലായിരം പുളകങ്ങൾ ചാർത്തി.

ഹസ്ബിയ ഫാത്തിമ. ഐ
Std: IX-A

# മഴ ഭീതി

മഴക്കാലമല്ലിത്, മരണക്കാലമാണിത്
ജീവനൊന്നൊന്നായിയൊടുക്കി മഴ
മഴ പെയ്തിറങ്ങി ഭവനങ്ങളൊളം ജലം
കടലണ്ങൊളം കാറ്റടിച്ച് വീശും.

മഴയുഗം ആയാൽ അംബിക കെട്ടതി
പുണ്യ തീർഥം സാമോദം സ്വാധി-
കാരമാണ് ദൈവം
യുഗം വന്നുകഴിഞ്ഞാൽ വിസ്ഫോടനം
തീർഥം, തീർഥം
താവകം പുണ്യ ജലം, ശുദ്ധ ജലം, അധ്യായനം.

ആദിലാ നിസാർ
STD:VIII -D

# സാഗരം

സാഗരത്തിര ഉൽഭവത്താൽ,
മാനവജന സംഹിത
തിരകളിൽ നെഞ്ചകം,
താളമുള്ളൊരു ജാലകം
വിദ്യതൻ സാഗരത്താൽ,
സർവമായൊരു ജിവിതം.

ശ്രീതിലകൻ . എൽ എസ്
Std: IX-D

# രണ്ട് മൺകുടങ്ങൾ

ഒരിക്കൽ ഒരിടത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു. അദ്ദേഹം വളരെ നല്ലവനും അധ്വനിയുമായിരുന്നു. അദ്ദേഹത്തിന് വെള്ളം കോരാൻ രണ്ടു മൺകുടങ്ങൾ ഉണ്ടായിരുന്നു. എല്ലാ ദിവസവും അദ്ദേഹം പുഴയിൽ പോയി ഈ രണ്ടു മൺകുടങ്ങളിലും വെള്ളം നിറച്ചു വീട്ടിൽ കൊണ്ടു പോകുമായിരുന്നു. ഒരു ദിവസം അദ്ദേഹം വെള്ളം കോരുന്നതിനിടയിൽ ഒരു മൺകുടം പൊട്ടി, വിള്ളലുണ്ടായി.അതിനുശേഷം ഈ കൃഷിക്കാരൻ കോരിയെടുക്കുന്ന വെള്ളം മുഴുവൻ ഈ പൊട്ടിയ കുടത്തിന്റെ വിള്ളലിൽ കൂടി പോകുമായിരുന്നു. വീട്ടിലെത്തുമ്പോൾ വെറും അരക്കുടം വെള്ളം മാത്രമേ മിച്ചമുണ്ടാവുകയുള്ളൂ അപ്പോൾ ഈ പൊട്ടാത്തയജമാനന് മൺകുടം പൊട്ടിയ മൺകുടത്തിനെ എപ്പോഴും കളിയാക്കുമായിരുന്നു. ഹാ! ഹാ! നീ പൊട്ടിയതാണ്,നിന്നെ കൊണ്ട് യജമാനന് ഒരു ഗുണവുമില്ല. അതു കൊണ്ട് യജമാനൻ നിന്നെ കളയും എന്നെക്കൊണ്ട് ആണ് യജമാനന് കൂടുതൽ ഉപകാരം. അപ്പോൾ ഈ പൊട്ടിയ കുടത്തിന് ഒരുപാട് സങ്കടവും വിഷമവും വന്നു. പക്ഷേ ആ പൊട്ടിയ കുടത്തെ കൃഷിക്കാരൻ കളഞ്ഞില്ല. ഒരുപാട് നാൾ വീണ്ടും അതിൽ തന്നെ വെള്ളം കോരുമായിരുന്നു.

ഒരു ദിവസം കൃഷിക്കാരൻ വെള്ളം കോരിക്കൊണ്ടു പോകുമ്പോൾ പോട്ടിയ കുടം അദ്ദേഹത്തോട് പറഞ്ഞു: "യജമാനനെ എന്നെ കൊണ്ട് നിങ്ങൾക്ക് ഒരുപകാരം ഇല്ലയോ! നിങ്ങൾ കോരുന്ന പകുതി വെള്ളവും ഞാൻ പാഴാക്കി കളയുകയാണ്. എന്നെ കളഞ്ഞിട്ട് പുതിയ ഒരെണ്ണം വാങ്ങിച്ചാലും" ഇത് കേട്ട കൃഷിക്കാരൻ പറഞ്ഞു: "ആരു പറഞ്ഞു, നിന്നെ കൊണ്ട് ഉപയോമില്ലെന്ന്, നീ ഈ വഴിയിലേക്ക് ഒന്ന് നോക്കിയേ! എന്തുമാത്രം ചെടികളും പച്ചകറികളും പൂവുകളുമാണ് ഇവിടെ വളർന്നു നിൽക്കുന്നത്. നിന്റെ വിള്ളലുമാണ് നിന്നും വീഴുന്ന വെള്ളം വീണാണ് "ഇതെല്ലാം കേട്ട് പൊട്ടാത്ത കുടം നാണിച്ച് തലകുനിച്ച് നിന്നു. പോട്ടിയ കുടത്തിനോട് ക്ഷമ ചോദിച്ചു.

എല്ലാ കുറവും നന്മയാക്കി തീർക്കുവാൻ ദൈവത്തിനു സാധിക്കും.

നെജിമി നവാസ്
Std: VIII-D

# സഹോദരശ്രുതി

സാഹോദര്യത്തിന്റെ സൗന്ദര്യം തുളുമ്പുന്ന ഒരു കഥ കേട്ടിട്ടുണ്ട്. രണ്ടു കർഷകസോദരരുടെ വിവാഹിതനായ ഇളയ സോദരന് നാലഞ്ചു മക്കളുണ്ട്. ഒരു രാത്രി അവിവാഹിതനായ ജ്യേഷ്ഠന് അനുജന്റെയും കുടുംബത്തിന്റെയും ഭാവിയെപ്പറ്റിയാലോചിച്ച് ഉറക്കം വരുന്നതേയില്ല.
" എന്റെ അനുജനും കുടുംബത്തിനും വേണ്ടത്ര വരുമാനമില്ല. അതുകൊണ്ട് അവനും കുടുംബവും ഭാവിയിൽ കഷ്ടപ്പെടും ... ". ഇതോർത്തപ്പോൾ ജ്യേഷ്ഠന് സങ്കടം വന്നു. അന്നു രാത്രി എല്ലാവരും ഉറങ്ങുന്ന നേരം നോക്കി തന്റെ പത്തായത്തിൽ നിന്ന് മൂന്നുനാല് ചാക്ക് നെല്ലെടുത്ത് അനുജന്റെ പത്തായത്തിൽ കൊണ്ടുപ്പോയിട്ടു.

അന്നു രാത്രിയിൽ അവിവാഹിതനായ ജ്യേഷ്ഠന്റെ ഭാവിയോർത്തിരുന്നിട്ട് അനുജന് ഉറക്കം വന്നില്ല. " എനിക്ക് മക്കളെങ്കിലുമുണ്ട്. ഏട്ടന് വയസ്സുകാലത്ത് ആരാണിനിയുണ്ടാവുക? അന്നു രാത്രി അനുജൻ തന്റെ പത്തായത്തിൽനിന്ന് നെല്ലെടുത്ത് ഏട്ടന്റെ പത്തായത്തിൽ കൊണ്ടുപ്പോയി നിറച്ചു.

ഇത് ഇടയ്ക്കിടെ രണ്ടുപേരും പരസ്പരമറീയിക്കാതെ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം രാത്രി രണ്ടുപേരും ചാക്കുകളിൽ നെല്ലുമായി പത്തായപ്പുരയ്ക്ക് നേരെ പോകുമ്പോൾ തമ്മിൽ കണ്ടുമുട്ടി..!. അവരിരുവരും നോക്കിനിന്നു. അവരിരുവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി... നാളുകൾക്കു ശേഷം ഇരുവരും മരിച്ചുപ്പോയി.
കാലമേറെ കഴിഞ്ഞിട്ടും,ഇവരുടെ സഹോദരസ്നേഹത്തിന്റെ കഥ നാട്ടിലാകെ പരന്നു.

മുഹമ്മദ് സൽമാൻ. എസ്
STD: IX-B

# പ്രകൃതി

പച്ചപ്പടർപ്പുകളാൽ നിറയും പ്രകൃതി
പാറിപ്പറക്കും പൂമ്പാറ്റകളും
സൗന്ദര്യം കൂട്ടുമീ പൂക്കളെന്നും
പ്രകൃതി തൻ വർണ്ണവിസ്മയങ്ങൾ
ജീവൻത്തുടിപ്പുമായി ഒഴുകുമീയോളങ്ങൾ
പ്രകൃതിയാം ശബ്ദചലനങ്ങൾ
ഖേദമോടെ കേഴുമോ പറവകൾ

നാദം തൻ
പാരിലെങ്ങുമെ നിലച്ചീടുമീ കാലം
കിളികൾക്കു ഗേഹമായ്
കൂടിനിൽക്കുമായിരം മരങ്ങൾ
മനുജനോ ഭൂമിയിൽ നശിപ്പിക്കുന്നിവയേ
ഭൂമിക്കു ഭാരമേറ്റി കൊടുക്കുന്നു
അരുതേ അമ്മ തൻ നൊമ്പരം ശാപമാ-
മിക്ഷിതിയിൽ പതിക്കരുതേ ഒരു നാളും

(ലീനാമോൾ .ജി
[അധ്യാപിക] )

# Rose

In gardens fair, a bloom so sweet,
The rose, with petals, love does greet.
A symphony of hues so bright,
In dawn's soft kiss and dusk's twilight.
In velvet red, a passion's flame,
Whispers of love, it softly claims.
A fragrant dance, in breezes light,
The rose unfolds, a pure delight.
Beneath the moon's soft silver gaze,
Its tender heart in beauty sways.
With thorns that guard, a tale untold,
Yet, in its grace, true love does hold.
In morning's blush and evening's hush,
A timeless tale, the rose does brush.
Each petal's curve, a love's ballet,
In every bloom, a serenade.
So, let the rose in gardens bloom,
A fragrant spell, dispelling gloom.
In simple grace, its beauty lies,
A poem written in nature's guise.

**Muhammed Sabith**
**Std: X-C**

# സന്നദ്ധ സംഘടനങ്ങൾ



Student Police Cadet



Scout



Guide



Junior Red Cross



Little Kites Batch 1



Little Kites Batch 2

# ആഘോഷങ്ങൾ





# സ്തുത്യർഹമായ സേവനത്തിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് ബി. എം. ജി. എച്ച്. എസിന്റെ ആദരം



ശ്രീമതി. ബീന സ്കറിയ



ശ്രീമതി. ക്ലാരാ മാത്യു

## Teachers and Non- Teaching Staffs



## P.T.A Members






## മാഗസിൻ എഡിറ്റർമാർ

**ആൽബിൻ.എം**
IX-D

**വൈഷ്ണവ്.എം**
IX-B